**പതിമുന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 7184** — **03.11.2011-ൽ മറുപടിയ്ക്ക്**

**പി.എം.ജി.എസ്.വൈ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എം.ഹംസ | | **ശ്രീ.കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി)** |
| എ. | പി.എം.ജി.എസ്.വൈ. 6-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം മണ്ഡലത്തിലെ ഏതെല്ലാം റോഡുകൾക്കാണ് അനുമതി നൽകിയത്; | എ. | **പി.എം.ജി.എസ്.വൈ. 6-ാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ ഒറ്റപ്പാലം മണ്ഡലത്തിലെ റോഡുകളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.** |
| ബി. | പ്രസ്തുത റോഡുകളുടെ ടെണ്ടർ നടപടികൾ പൂർത്തിയായോ; ഇല്ലെങ്കിൽ അടിയന്തിരമായി ടെണ്ടർ ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; നടപടികൾ ഉടൻ പൂർത്തിയാക്കുമോ; | ബി. | ഫേസ് 6ൽ കേന്ദ്രാനുമതി ലഭിച്ചിട്ടും കരാറുകാർ ഏറ്റെടുക്കാത്ത പ്രവർത്തികളുടെ എസ്റ്റിമേറ്റ് 2010 ഷെഡ്യൂൾ ഓഫ്റേറ്റ് പ്രകാരം പുതുക്കുന്നതിനും അധികമായി വരുന്ന തുക സംസ്ഥാനസർക്കാർ വഹിക്കണമെന്ന ആവശ്യത്തിൻമേലും നടപടി സ്വീകരിച്ചുവരുന്നു. |
| സി. | പി.എം.ജി.എസ്.വൈ. 7-ാം ഘട്ടത്തിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ശ്രീകൃഷ്ണപുരം ബ്ലോക്കിലെ ഏതെല്ലാം റോഡുകൾ ആണ് ഉൾപ്പെട്ടിരിക്കുന്നത്; വിശദാംശം നൽകാമോ; | സി. | **പി.എം.ജി.എസ്.വൈ. 7-ൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ശ്രീകൃഷ്ണപുരം ബ്ലോക്കിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.** |
| ഡി. | പി.എം.ജി.എസ്.വൈ. 7 -ാം ഘട്ടത്തിൽ അംഗീകരിക്കപ്പെട്ട റോഡുകളുടെ നിർമ്മാണ പ്രക്രിയയിലെ കാലികസ്ഥിതി വിശദീകരിക്കാമോ ; | ഡി. | ഏഴാം ഘട്ടമായി 2008-09 സാമ്പത്തിക വർഷം 1155 കി.മി. ദൈർഘ്യം വരുന്ന 420 റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് 486.74കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും ആയത് കേന്ദ്രതലത്തിലുള്ള എംപവേർഡ് കമ്മിറ്റി തത്വത്തിൽ അംഗീകരിച്ച് കേന്ദ്രസർക്കാരിനോട് ശുപാർശ ചെയ്യുകയും ചെയ്തു. ഇതിൽ ഒന്നാം ഘട്ടമായി അനുമതി ലഭിച്ച |

200 റോഡുകൾഒഴികെ ബാക്കിവരുന്ന 220 റോഡുകൾക്ക് കേന്ദ്രസർക്കാരിൽ നിന്നും 21/9/2010ന് അനുമതിലഭിച്ചു. എന്നാൽ 15/5/2010ൽ സംസ്ഥാന പി.ഡബ്ല്യു.ഡി. ഷെഡ്യൂൾ ഓഫ്റേറ്റ് റിവിഷൻ നിലവിൽ വരുകയും ഇതനുസരിച്ച് 1-ാം ഘട്ടത്തിൽടെൻഡർ ലഭിക്കാത്ത പ്രവൃത്തികൾ ഉൾപ്പെടെ ബാക്കിയുള്ള 258 പ്രവർത്തികൾക്ക് 332.72 കോടിരൂപയ്ക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ് 14/2/2011ന് കേന്ദ്രസർക്കാരിൽ സമർപ്പിക്കുകയും ചെയ്തു. നാളിതുവരെയായി അനുമതി ലഭിച്ചിട്ടില്ല. കേന്ദ്രസർക്കാരിൽ നിന്നും അനുമതി ലഭിക്കേണ്ട 258 റോഡുകൾക്ക് ലഭ്യമാകേണ്ട അധിക വിഹിതം സംസ്ഥാന സർക്കാർ വഹിച്ചുകൊണ്ട് ഭരണാനുമതി നൽകണമെന്ന ആവശ്യത്തിൻമേൽ നടപടി സ്വീകരിച്ചു വരുന്നു.

ഇ. പി.എം.ജി.എസ്.വൈ. 8-ാം ഘട്ടത്തിന്റെ പ്രൊപ്പോസലുകൾ നൽകുവാൻ നിർദ്ദേശിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഇ. പി.എം.ജി.എസ്.വൈ പദ്ധതിപ്രകാരം ഫേയ്സ് 8ൽ ഏറ്റെടുക്കേണ്ട റോഡുകളുടെ മുൻഗണനാ പട്ടിക സമർപ്പിക്കുന്നതിന് ജില്ല പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് പാലക്കാട് ജില്ലയിൽ നിന്നും മുൻഗണനാപട്ടിക ലഭ്യമായിട്ടുണ്ട്. എല്ലാ ജില്ലയിൽ നിന്നും ലഭ്യമായാൽ മാത്രമേ ഇവ ക്രോഡീകരിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് ലെവൽ സ്റ്റാന്റിംഗ് കമ്മിറ്റി (എസ്.എൽ.എസ്.സി) യുടെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ സാധിക്കുകയുള്ളു. എസ്.എൽ.എസ്.സി യുടെ അംഗീകാരത്തിന് ശേഷം വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസിയുടെ അംഗീകാരത്തോടെ മാത്രമേ എൻ.ആർ.ആർ.ഡി.എയ്ക്ക് സമർപ്പിക്കാൻ സാധിക്കുകയുള്ളു.

സെക്ഷൻ ഓഫീസർ

അനുബന്ധം - I

| ക്രമ നം. | റോഡിന്റെ പേര് | നീളം(കി.മി) | അനുവദിച്ച തുക |
|---|---|---|---|
| 1 | പുലാപ്പറ്റശ്ശേരി വെസ്റ്റ് - കല്ലുരുത്തി റോഡ്, | 1.783 | 78.4 |
| 2 | തൃക്കങ്ങോട് - ചോറോട്ടൂർ റോഡ്, | 3.5 | 109 |
| 3 | മലപ്പുറം - പുലാപ്പറ്റശ്ശേരി റോഡ് | 3 | 112.5 |

Sd/-
സെക്ഷൻ ഓഫീസർ

അനുബന്ധം - II

| ക്രമ നം. | റോഡിന്റെ പേര് | നീളം(കി.മി) |
|---|---|---|
| 1 | പൂക്കോട്ട്ക്കാവ് കോവിലങ്ങൽപ്പാറ | 4.365 |
| 2 | കടമ്പഴിപ്പുറം സെന്റർ മാവടി | 1.51 |
| 3 | പോമ്പ്ര കടപ്പാടം | 4.6 |
| 4 | കുളക്കാട് കുണ്ടോളിപ്പറമ്പ് | 1.94 |
| 5 | ഇല്ലിപ്പുറം ഉളിയംകല്ല് | 1.505 |
| 6 | കടമ്പഴിപ്പുറം ഈസ്റ്റ് മണ്ണമ്പറ്റ വെസ്റ്റ് | 4.1 |
| 7 | നായരുപടി കൊല്ലത്തുപടി | 1.45 |
| 8 | കുറുവട്ടൂർ പുത്തൻകുളം | 1.71 |
| 9 | നായാടിപ്പാറ മംഗലത്ത് | 2.472 |
| 10 | അടയ്ക്കാപുത്തൂർ എണ്ണക്കണ്ടം | 5.355 |

സെക്ഷൻ ഓഫീസർ